പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2122 — 12.02.2013 ൽ മറുപടിക്ക്

## കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ച കേസ്സുകളുടെ എണ്ണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) 2012 വർഷത്തിൽ സംസ്ഥാനത്ത് കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (എ) 528 കേസുകൾ |
| (ബി) ഇവയിൽ 10 വയസ്സിൽത്താഴെയുള്ള കുട്ടികളെ പീഡിപ്പിച്ച കേസ്സുകൾ എത്രയെണ്ണമുണ്ട്; | (ബി) 98 കേസുകൾ |
| (സി) 10 നും 18 നും ഇടയിൽ പ്രായമുള്ള കുട്ടികളെ പീഡിപ്പിച്ച കേസ്സുകൾ എത്രയെണ്ണമുണ്ട്; | (സി) 430 കേസുകൾ |
| (ഡി) കേരളീയസമൂഹത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച 'ജനമൈത്രി പോലീസ്' സംവിധാനം കൂടുതൽ വ്യാപകമാക്കുന്നതിനു നടപടി സ്വീകരിക്കുമോ;<br>(ഇ) എങ്കിൽ, അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) യും (ഇ) യും ജനമൈത്രി പോലീസ് സംവിധാനം കൂടുതൽ വ്യാപകമാക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 50 ട്രൈബൽ പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടെ 100 പോലീസ് സ്റ്റേഷനുകളിൽ കൂടി സ.ഉ.(സാധാ)3424/2012/ആഭ്യന്തരം തീയതി 20.11.2012 പ്രകാരം ജനമൈത്രി പോലീസ് സംവിധാനം നടപ്പിലാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഇവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ 500 തസ്തികകൾ കൂടി സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള ശുപാർശ സർക്കാർ പരിശോധിച്ച് വരുന്നു. കൂടാതെ ജനമൈത്രി പോലീസ് സംവിധാനത്തിലൂടെ വിവിധ സന്നദ്ധ സംഘടനകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നി |

വയുടെ സഹകരണത്തോടെ ബോധവൽക്കരണ ക്ലാസ്സുകളും, സെമിനാറുകളും നടത്തി പ്രസ്തുത പദ്ധതി കൂടുതൽ ജനകീയമാക്കിക്കൊണ്ടിരിക്കുന്നു.

സെക്ഷൻ ഓഫീസർ